ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/05/2015
RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16



പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക മഹാവിദ്യാലയം മഹാത്മ ആനന്ദ മുനി ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് സർവ്വശ്രീ. ആചാര്യ വാമദേവ്ജി, ഡോ. പി.കെ.മാധവൻ, ആചാര്യ ഹീരാ പ്രസാദ് ശാസ്ത്രി, വി. ഗോവിന്ദ ദാസ് എന്നിവർ.





ഗുരുകുല ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന യജ്ഞം

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

Email: dayanandasandesam@gmail.com Phone: 9562529095



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**



ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 2 ലക്കം 11

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 വൈശാഖം – ജ്യേഷ്ഠം
1190 മേടം – എടവം 2015 മെയ്

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



**പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക മഹാവിദ്യാലയത്തിന്റെ ഉദ്ഘാടനം**


**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| മെയ് 07 | – | സി. വി. രാമൻ ജന്മദിനം<br>രവീന്ദ്രനാഥ ടാഗോർ ജന്മദിനം |
| മെയ് 09 | – | മഹാറാണാ പ്രതാപ് ജയന്തി |
| മെയ് 11, 13 | – | പൊഖ്റാൻ അണു പരീക്ഷണ വാർഷികം (ഓപ്പറേഷൻ ശക്തി) |
| മെയ് 28 | – | വീരസാവർക്കാർ ജയന്തി |

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### മണ്ഡലം 1 സൂക്തം 4

*മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ വിരാഡ് ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ*

**ഉത ന സുഭഗാങ് അരിർവോചേയുർദസ്മ കൃഷ്ടയഃ |**

**സ്യാമേദിന്ദ്രസ്യ ശർമണി ||**

*(ഋഗ്വേദം 1. 4. 6)*

**പദാർത്ഥം:** അല്ലയോ (ദസ്മ) ദുഷ്ടൻമാർക്ക് ശിക്ഷ നൽകുന്ന പരമേശ്വരാ! ഞങ്ങൾ (ഇന്ദ്രസ്യ) അങ്ങയാൽ നൽകിയ (ശർമണി) നിത്യ സുഖവും ആജ്ഞാ പാലനവും (സ്യാമ) പാലിക്കുന്നവരായി (കൃഷ്ടയഃ) എല്ലാ മനുഷ്യർക്കും പ്രീതി യോടൊപ്പം എല്ലാ വിദ്യകളും (വോചേയുഃ) ഉപദേശം ചെയ്യുകയും അങ്ങിനെ സത്യോപദേശം ലഭിച്ച (നഃ) ഞങ്ങൾക്ക് (അരിഃ, ഉത) ശത്രുക്കൾ കൂടി (സുഭഗാന്) ശ്രേഷ്ഠ വിദ്യാശ്വര്യയുക്തരായിതീരട്ടെ.

**ഭാവാർത്ഥം:** മനുഷ്യർ എപ്പോൾ വിരോധഭാവം ഇല്ലാതാക്കി എല്ലാവർക്കും ഉപ കാരം ചെയ്യാൻ പ്രയ്തനിക്കാൻ തുടങ്ങുന്നുവോ അപ്പോൾ ശത്രുപോലും മിത്രമാ യിതീരുന്നു. അങ്ങിനെ എല്ലാ മനുഷ്യർക്കും ഈശ്വരകൃപയാൽ നിരന്തരം ഉത്തമ ആനന്ദപ്രാപ്തിയുണ്ടാവുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ. എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

### വേദങ്ങളുടെ അംഗങ്ങൾ

**2. കൽപം:** കൽപ സൂത്രങ്ങൾ മൂന്നായി തരംതിരിക്കാം. ശ്രൗത സൂത്രങ്ങൾ, ഗൃഹ്യസൂത്രങ്ങൾ, ധർമ്മ സൂത്രങ്ങൾ എന്നിങ്ങനെ. യാഗകർമ്മങ്ങളുടെ വിധിയാണ് ശ്രൗത സൂത്രങ്ങൾ. ഷോഡശസംസ്കാര ങ്ങൾ (ഗർഭാധാനം മുതൽ അന്ത്യേഷ്ടി വരെയുള്ളവ), ഗൃഹസ്ഥൻ അനുഷ്ഠിക്കേണ്ടുന്ന മറ്റു കർമ്മ ങ്ങൾ എന്നിവയുടെ വിധിയാണ് ഗൃഹ്യസൂത്രങ്ങൾ. നാലുവർണ്ണങ്ങളിലും നാലാശ്രമങ്ങളിൽ അനു ഷ്ഠിക്കേണ്ടുന്ന സാമൂഹ്യനിയമങ്ങളും കടമകളുമാണ് ധർമ്മസൂത്രങ്ങൾ. ഓരോ വേദത്തിനും അതി ന്റേതായ കൽപസൂത്രങ്ങളുണ്ട്.

(തുടരും)

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*

*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 2 ലക്കം 11

**വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 വൈശാഖം - ജ്യേഷ്ഠം**
**1190 മേടം - എടവം 2015 മെയ്**



**രക്ഷാധികാരി**

സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| സ്വാദ്ധ്യായം | : | 8 |
| ശത്രുവോ? മിത്രമോ? | : | 9 |
| ജീവിതം ഒരലയാഴി | : | 10 |
| സംശയനിവാരിണി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വാർത്തകൾ | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph: 9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### എന്തുകൊണ്ട് ആര്യസമാജം!



**ഭാ**രതത്തിൽ നിരവധി നവോത്ഥാന പ്രസ്ഥാനങ്ങൾ കാലാകാലങ്ങളിൽ ഉടലെടുത്തിട്ടുണ്ട്. പല പ്രസ്ഥാനങ്ങളും അവയുടെ സ്ഥാപകന്റെ കാല ത്തോടെ അസ്തമിക്കുകയും ചെയ്തതായികാണാം. ഇവയിൽ നിന്നും പലകാരണ ങ്ങളാൽ വ്യത്യസ്ഥമാണ് ആര്യസമാജം. സംഘടിതമതങ്ങളുടെ ദൂഷ്യവശങ്ങൾ കണ്ട് വേദധർമ്മത്തെ പുനഃരുദ്ധരിക്കുന്നതിനായി കർമ്മകാണ്ഡത്തേയും ജ്ഞാന കാണ്ഡത്തേയും ഒരുപോലെ പരിപോഷിപ്പിക്കാനായി മഹർഷി ദയാനന്ദസര സ്വതി 1875 ൽ ആര്യസമാജം സ്ഥാപിച്ചു. താൻ പുതിയൊരു പ്രസ്ഥാനം തുടങ്ങുകയല്ലാ മറിച്ച് യുഗങ്ങളായി നിലനിന്നുപോരുന്ന പവിത്ര വൈദിക ധർമ്മത്തെ പുഷ്ടിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നതെന്ന് ഋഷി ദയാനന്ദൻ പറഞ്ഞിരുന്നു. ജഡപൂജകളിലും അന്ധവിശ്വാസങ്ങളിലും ആണ്ടു കിടന്ന, കപട പണ്ഡിതൻമാരുടെ ചൂഷ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ണത്തിനിരയായ ജനങ്ങളെ അനാദിയായ വേദങ്ങൾ ഉദ്ഘോഷിക്കുന്ന മാർഗ്ഗത്തിലൂടെ നയിക്കാനും തദ്വാരാ വീടിനും ഗ്രാമത്തിനും രാഷ്ട്രത്തിനും വിശ്വമെങ്ങും ഐശ്വര്യം നേടാൻ പര്യാപ്തമാക്കുകയാണിതിന്റെ മുഖ്യലക്ഷ്യം.

ലേകത്താകമാനം ശാന്തിയും സമാധാനവും നൽകുന്ന സന്ദേശത്തോടുകൂടിയ ഒരു ജീവിതരീതിയാണ് ആര്യസമാജം. വിശ്വവിഖ്യാതമായ ആര്യസമാജത്തിന്റെ 10 നിയമങ്ങൾ ഇത് വ്യക്തമായി വിവരിക്കുന്നുണ്ട്. ഈശ്വരൻ, ആധ്യാത്മികത, മൂല്ല്യാധിഷ്ഠിത ജീവിതം എന്നീ വിഷയങ്ങളെകുറിച്ച് യുക്തി സഹവും അർത്ഥപൂർണ്ണവുമായ ചിന്തകളാൽ യുവാക്കളെയും വൃദ്ധജനങ്ങളെയും മറ്റു ധർമ്മാവലംബികളേയും തന്നിലേക്കാകർഷിക്കുന്ന ഒരു പ്രത്യേകത ആര്യസമാജത്തിനുണ്ട്. സംഘടിത മതങ്ങളുടെ ക്രൂരതയേയും അനാചാരങ്ങളേയും തുറന്നുകാട്ടുന്നതിനാൽ വിദ്യാസമ്പന്നരായ മധ്യവർഗ്ഗത്തേയും പ്രൊഫഷണലുകളേയും ഇത് നന്നായി ആകർഷിക്കുന്നു.

ആര്യസമാജത്തിന്റെ പ്രവർത്തനങ്ങൾ വളരെ ലളിതവും ജനങ്ങളെ യോജിപ്പിച്ചു നിർത്തുന്നവയുമാണ്. ദൈനംദിനമുള്ള അഗ്നിഹോത്രം, ഭജനാലാപനം, പ്രഭാഷണം, ധ്യാനം എന്നിവയ്ക്കുപുറമേ സാമൂഹ്യസേവനത്തിന് ഇത് വളരെ പ്രാധാന്യം നൽകുന്നു. ഇന്നത്തെ അണുകുടുംബ ജീവിതത്തിൽ ഒരു സമാജബോധവും പാരമ്പര്യമായ കുടുംബഭദ്രയും ആര്യസമാജം പ്രദാനം ചെയ്യുന്നു.

വൈദിക രീതിയിലുള്ള നിഷ്ഠയോടുകൂടിയ ജീവിതരീതി പിന്തുടരുന്ന ആര്യസമാജത്തിന്റെ പ്രവർത്തനം വ്യാപിക്കേണ്ടത് ഇന്ന് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**പത്രാധിപർ**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധയ്ക്ക്

**ദയാനന്ദ സന്ദേശം മാസിക എല്ലാ ഇംഗ്ലീഷ് മാസവും 10-ാം തിയ്യതിക്ക് പാലക്കാട് ആർ.എം.എസ്. വഴിയാണ് അയക്കുന്നത്. ഏതാനും പ്രദേശങ്ങളിൽ മാസിക ലഭിക്കുന്നില്ല എന്ന പരാതികൾ ലഭിക്കുന്നുണ്ട്. അതിനാൽ മാന്യവരിക്കാർ മാസിക സ്ഥിരമായി ലഭിക്കുന്നില്ലെങ്കിൽ തങ്ങളുടെ പോസ്റ്റോഫീസിൽ രേഖാമൂലം പരാതിനൽകണമെന്ന് അഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

**(ബ്ര**ഹ്മാനന്ത) ബ്രഹ്മം, അനന്തം തുടങ്ങിയ വിശേഷണങ്ങളാൽ യുക്തനും ആരുടെ വേദവിദ്യയാണോ സനാതനമായിട്ടുള്ളതും അദ്ദേഹത്തെ അത്യന്തപ്രേമഭക്തിയാൽ നമസ്കരിച്ചുകൊണ്ട് ഈ വേദഭാഷ്യം നിർമ്മിക്കാൻ ആരംഭിക്കുന്നു. (1)

(കാലാരാമ) 1933 വിക്രമസംവത്സരത്തിലെ ഭാദ്രമാസശുക്ലപക്ഷപ്രതിപദനാൾ ഞായറാഴ്ച പകൽസമയത്ത് ഞാനീവേദഭാഷ്യം കുറിക്കുന്നു. (2)

(ദയായാ) സ്വാമി ദയാനന്ദസരസ്വതിയാണ് ഈ വേദഭാഷ്യം രചിച്ചതെന്ന് എല്ലാവരും അറിയട്ടെ. (3)

(മനുഷ്യേ) ഈശ്വരകൃപയാൽ എല്ലാ മനുഷ്യരുടേയും ഹിതത്തിനായാണ് ഞാനീവേദഭാഷ്യം രചിക്കുന്നത്. (4)

(സംസ്കൃതപ്രാ) ഈ വേദഭാഷ്യം രണ്ടുഭാഷകളിലായാണ് ചെയ്യുന്നത്. ഒന്ന് സംസ്കൃതത്തിലും മറ്റൊന്ന് പ്രാകൃതഭാഷയിലും വേദമന്ത്രങ്ങളുടെ അർത്ഥത്തിന്റെ വർണ്ണന ഞാൻ നടത്തുന്നു. (5)

(ആര്യാണാം) ഈ വേദഭാഷ്യത്തിൽ അപ്രമാണികമായതൊന്നും എഴുതുകയില്ല. എന്നാൽ ബ്രഹ്മാ മുതൽ വ്യാസൻ വരെയുള്ള മുനിമാരും ഋഷിമാരും സ്വീകരിച്ച വ്യാഖ്യാനരീതിയനുസരിച്ചാണ് ഈ വേദഭാഷ്യം ഉണ്ടാക്കിയിരിക്കുന്നത്. (6)

(യേനാധു) വേദാർത്ഥത്തിനുവിരുദ്ധമായി ഇപ്പോൾ നിലവിലുള്ള ഭാഷ്യങ്ങൾക്കും ടിപ്പണികൾക്കും ഉള്ള ദോഷങ്ങളെ ഈ ഭാഷ്യത്തിൽ വിശദമായി തുറന്നുകാട്ടും (7)

(സത്യാർത്ഥശ്ച) ഈ വേദഭാഷ്യത്താൽ വേദങ്ങളുടെ യഥാർത്ഥസത്യാർത്ഥം ലോകത്തിൽ പ്രസിദ്ധമായി തീരുവാനും വേദങ്ങളുടെ സനാതനാർത്ഥം എല്ലാവരും അറിയുവാനും വേണ്ടിയാണ് ഞാനീ പ്രയത്നം ചെയ്യുന്നത്. പരമേശ്വരന്റെ സഹായത്താൽ ഇക്കാര്യം സാധ്യമാവട്ടെ. ഇതാണ് സർവ്വശക്തിമാനായ പരമേശ്വരനോടുള്ള എന്റെ പ്രാർത്ഥന. (8)

വിശ്വാനിദേവ സവിതര് ദുരിതാനി പരാസുവ |
യദ്ഭദ്രം തന്ന ആ സുവ || (1)

(യജുർവ്വേദം അദ്ധ്യായം 30 മന്ത്രം 3)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

ഭാഷ്യം: ഹേ സച്ചിദാനന്ദസ്വരൂപ! ഹേ പരമകാരുണിക! ഹേ അനന്തവിദ്യ! ഹേ വിദ്യാവിജ്ഞാനപ്രദ! (ദേവ) ഹേ സൂര്യാദി സർവ്വജഗദ്‌വിദ്യാ പ്രകാശക! ഹേ സർവ്വാനന്ദപ്രദ! (സവിത) ഹേ സകലജഗദുത്പാദക! (നഃ) അസ്മാകമ് (വിശ്വാനി) സർവ്വാണി (ദുരിതാനി) ദുഃഖാനി സർവ്വാന് ദുഷ്ടഗുണാംശ്ച (പരാസുവ) ദൂരെ ഗമയ | (യദ്ഭദ്രം) യത് കല്യാണം സർവ്വദുഃഖരഹിതം സത്യവിദ്യാ പ്രപ്ത്യഽഭ്യുദയനിഃ ശ്രേയസസുഖകരം ഭദ്രമസ്തി (തന്നഃ) അസ്മഭ്യം (ആ സുവ) ആ സമന്താദുത്പാദയ കൃപയാ പ്രാപയ |

അസ്മിൻ വേദഭാഷ്യകരണാനുഷ്ഠാനെ യേ ദുഷ്ട വിഘ്നാസ്താൻ പ്രാപ്തെഃ പൂർവ്വമേവ പരാസുവ ദൂരം ഗമയ യച്ച ശരീരബുദ്ധി സഹായകൗശല സത്യവിദ്യാ പ്രകാശാദി ഭദ്രമസ്തി തത്സ്വ കൃപാകടാക്ഷേണ ഹേ പരബ്രഹ്മൻ! നോഽസ്മഭ്യം പ്രാപയ, ഭവത് കൃപാകടാക്ഷസുസഹായ പ്രാപ്ത്യാ സത്യവിദ്യോജ്ജ്വലം പ്രത്യക്ഷാദി പ്രമാണസിദ്ധം ഭവദ്‌രചിതാനാം വേദാനാം യഥാർത്ഥം ഭാഷ്യം വയം വിദധീമഹി | തദിദം സർവ്വമനുഷ്യോപകാരായ ഭവത്കൃപയാ ഭവേത് | അസ്മിൻ വേദഭാഷ്യേ സർവ്വേഷാം മനുഷ്യാണാം പരമശ്രദ്ധയാഽത്യന്താ പ്രീതിർയഥാ സ്ഥാത് തഥൈവ ഭവതാ കാര്യമിത്യോമ് ||

**ഭാഷാർത്ഥം**: അല്ലയോ സത്യസ്വരൂപ! അല്ലയോ വിജ്ഞാനമയ! അല്ലയോ സദാനന്ദസ്വരൂപ! അല്ലയോ അനന്ത സാമർത്ഥ്യയുക്ത! അല്ലയോ പരമകൃപാലോ! അല്ലയോ അനന്തവിദ്യാമയ! അല്ലയോ വിജ്ഞാന വിദ്യാപ്രദ! (ദേവ) അല്ലയോ പരമേശ്വര! അങ്ങ് സൂര്യാദിസർവ്വജഗത്തിനും വിദ്യാപ്രകാശം നടത്തുന്നവനും ആനന്ദത്തെ നൽകുന്നവനുമാണ്. (സവിതഃ) അല്ലയോ സർവ്വജഗദുത്പാദക സർവ്വശക്തിമാൻ! താങ്കൾ സർവ്വജഗത്തിനേയും നിർമ്മിക്കുന്നവനാണ്. (നഃ) ഞങ്ങളുടെ (വിശ്വാനി) എല്ലാവിധ (ദുരിതാനി) ദുഃഖങ്ങളേയും ദുഷ്ടഗുണങ്ങളേയും കൃപ ചെയ്ത് അങ്ങ് (പരാസുവ) ദൂരീകരിച്ചാലും. അതായത് ഞങ്ങളെ അവയിൽ നിന്നും അവയെ ഞങ്ങളിൽ നിന്നും സദാ അകറ്റി നിർത്തിയാലും.

(യദ്ഭദ്രം) ഏതൊന്നാണോ സർവ്വദുഃഖരഹിതവും മംഗളകരവുമായിട്ടുള്ളത്, ഏതൊന്നാണോ സർവ്വസുഖങ്ങളുമൊത്ത് അനുഭവിക്കാവുന്നത് അവയെ ഞങ്ങൾക്ക് എല്ലാദിവസവും പ്രാപിക്കുമാറാകട്ടെ. സുഖം രണ്ടുപ്രകാരത്തിലുണ്ട്. സത്യവിദ്യയുടെ പ്രാപ്തിയാൽ അഭ്യുദയം- അതായത് ചക്രവർത്തി രാജ്യം, ഇഷ്ടമിത്രങ്ങൾ, ധനം, പുത്രന്മാർ, സ്ത്രീ എന്നിവയിൽ ശരീരത്തിന് ഉത്തമസുഖം ലഭിക്കുക എന്നത് ഒന്നാം വിഭാഗത്തിൽ പെടുന്നു. നിശ്രേയസസുഖം അഥവാ മോക്ഷം എന്നു പറയുന്നത്, അവയിൽ ഈ രണ്ടു സുഖങ്ങളുമുണ്ട്. അതിനെ ഭദ്രമെന്നുപറയുന്നു. (തന്ന ആ സുവ) ആ സുഖത്തെ അങ്ങ് സർവ്വപ്രകാരത്തിലും ഞങ്ങൾക്ക് പ്രാപിക്കുമാറാക്കിയാലും.

*(തുടരും)*

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***ഞങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**46. ആശ്രമഭേദങ്ങൾ:–** സദ്‌വിദ്യാദിശുഭഗുണങ്ങളുടെ ഗ്രഹണവും അതേപോലെ ജിതേന്ദ്രിയതയാൽ ആത്മാവിന്റേയും ശരീരത്തിന്റേയും ബലവർദ്ധന വരുത്തുന്ന ബ്രഹ്മചര്യം, സന്താനോത്പത്തി, വിദ്യാദിസർവ്വവ്യവഹാരങ്ങളും നേടുന്നതിനായുള്ള ഗൃഹസ്ഥാശ്രമം, മനനം നടത്തുന്നതിനായുള്ള വാനപ്രസ്ഥം. സർവ്വോപകാരം ചെയ്യുന്നതിനായുള്ള സന്യാസാശ്രമം എന്നീ നാലെണ്ണത്തിനെ ആശ്രമം എന്നു പറയുന്നു.

**47. യജ്ഞം:–** അഗ്നിഹോത്രം തുടങ്ങി അശ്വമേധംവരെയുള്ള ശില്പ്പവ്യവഹാര പദാർത്ഥവിജ്ഞാനങ്ങളെല്ലാം ലോകോപകാരത്തിനു വേണ്ടി ചെയ്യുന്നതാകയാൽ അവയെ യജ്ഞമെന്നുപറയുന്നു. യജ്ഞത്തിൽ ദേവപൂജ, സംഗതീകരണം, ദാനം എന്നിവ പ്രധാനമായതാണ്. ഇതിനാലാണ് യജ്ഞത്തെ സർവ്വശ്രേഷ്ഠകർമ്മമായി പറയുന്നത്. 'യജ്ഞോ വൈശ്രേഷ്ഠതമം കർമ്മ.'

**48. കർമ്മം:–** മനസ്, ഇന്ദ്രിയങ്ങൾ, ശരീരം എന്നിവയിൽ ജീവാത്മാവ് ചെയ്യുന്ന ചേഷ്ടകളെയാണ് കർമ്മമെന്നു പറയുന്നത്. ശുഭം, അശുഭം, മിശ്രഭേദം എന്നിങ്ങനെ ഇവ മൂന്ന് പ്രകാരത്തിലുണ്ട്. ജീവാത്മാവ് കർമ്മംചെയ്യുന്നതിൽ സ്വതന്ത്രനാണ്. ഫലമനുഭവിക്കുന്നതിൽ പരതന്ത്രനുമാണ്.


**49. ക്രിയമാണം:–** വർത്തമാനകാലത്തു ചെയ്യുന്നതിനെ ക്രിയമാണ കർമ്മമെന്നു പറയുന്നു.

**50. സഞ്ചിത കർമ്മം:–** ക്രിയമാണത്തിന്റെ സംസ്കാരം ജ്ഞാനത്തിൽ ഉറച്ചുനിൽക്കുന്നതിനെ സഞ്ചിത സംസ്കാരമെന്നു പറയുന്നു. നമ്മളാൽ ചെയ്യപ്പെടുന്ന കർമ്മങ്ങളുടെ സംസ്കാരം നമ്മുടെ ചിത്തത്തിൽ ഉറച്ചു നിൽക്കുന്നു. ഇതിനേയും സഞ്ചിത കർമ്മമെന്നു പറയും.

**51. പ്രാരാബ്ധം:–** മുമ്പ് ചെയ്തുപോയ കർമ്മങ്ങളുടെ സുഖദുഃഖഫലങ്ങൾ അനുഭവിക്കുന്നതിനെ പ്രാരാബ്ധമെന്നു പറയുന്നു. ലൗകികഭാഷയിൽ ഇതിനെ ഭാഗ്യമെന്നു പറയാം. ഭാഗ്യമെന്നത് വേറൊരു വസ്തുവല്ല ഈ ജന്മത്തിൽ അഥവാ പൂർവ്വജന്മത്തിൽ നമ്മളാൽ ചെയ്തുപോയ കർമ്മങ്ങളുടെ ഫലം ലഭിക്കുന്നത് പ്രാരാബ്ധം അഥവാ ഭാഗ്യമെന്നു പറയാം.

*(തുടരും)*

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***



# സ്വാദ്ധ്യായം

*നചികേതസ്*

**(ചോദ്യങ്ങൾ അയക്കേണ്ട വിലാസം: നചികേതസ്, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി – 679 504. ചോദ്യം അയക്കുന്നവർ പേരും പൂർണ്ണവിലാസവും (ഫോൺ നമ്പർ സഹിതം) എഴുതിയിരിക്കണം.**

**വിദ്യാധരൻ കെ. പി. പട്ടാമ്പി**

**ചോദ്യം: സർവ്വജ്ഞനും സർവ്വശക്തിമാനുമായ ഈശ്വരൻ എന്തുകൊണ്ട് ഒരു വ്യക്തി അധർമ്മ പ്രവർത്തനം നടത്തുമ്പോൾ അയാളെ തടയുന്നില്ല?**

**ഉത്തരം:** ജീവാത്മാവ് കർമ്മം ചെയ്യുന്നതിൽ സ്വതന്ത്രനാണ്. ഫലം അനുഭവിക്കുന്നതിൽ പരതന്ത്രനും. ഈ സ്വാതന്ത്ര്യത്തിൽ ഈശ്വരൻ ഇടപെടുകയില്ല. ഇടപെടുകയാണെങ്കിൽ ഈശ്വരീയ നിയമങ്ങൾക്ക് വിരുദ്ധമായിരിക്കുമത്.

# ഈശ്വരപ്രാർത്ഥന

*മനോജ് ശർമ്മ*

**നീയേ ഭൂമിയിൽ ഉൽപ്പന്നമാക്കി**
**ഉന്നമാം ജീവിതം മേകിയില്ലേ**
**ശ്രേഷ്ഠമാം ബുദ്ധിയേകി നീ ഞങ്ങൾക്ക്**
**വേദത്തിൻ ജ്ഞാനമേകിയില്ലേ**
**(ഓം ഭൂർ ഭുവസ്വഹ.....)**

**പഞ്ചയജ്ഞങ്ങൾ ചെയ്യും ഞങ്ങളെ**
**ധർമ്മനിഷ്ഠരായ് തീർക്കണമേ**
**നിരാകാരിയാം ഈശ്വരനിൻ**
**സദ്ഗുണമോതുവാൻ ത്രാണിയേകൂ**
**(ഓം ഭൂർ ഭുവസ്വഹ.....)**

**ഓംകാരമെന്നൊരു നാമം മാത്രം**
**പരമപിതാവെ നിനക്കല്ലയോ?**
**വിഗ്രഹവും, മറ്റു രൂപം വേണ്ടാ**
**നിന്നെ പൂജിച്ചു ഭജിച്ചീടുവാൻ**
**(ഓം ഭൂർ ഭുവസ്വഹ.....)**

**നീ സത്യം ജ്ഞാനം ആനന്ദമായ്**
**പാരിലെങ്ങും നിറഞ്ഞവനെ**
**ഗായത്രി മന്ത്രത്തിൻ പരംപൊരുളെ**
**പ്രണവസ്വരൂപനെ പാലയമാം**
**(ഓം ഭൂർ ഭുവസ്വഹ.....)**

*മാ നിന്ദത (ഋഗ്വേദം 4. 5. 2)*
*നിന്ദിക്കാതിരിക്കൂ!*





# ശത്രുവോ? മിത്രമോ?

**ഋശ്യശൃംഗൻ**

(ശ്രീ കപിൽദേവ് ഓഝ ഇംഗ്ലീഷിലെഴുതിയ Foes or Friends എന്ന ഇംഗ്ലീഷ് പുസ്തകത്തെയും ഈ വിഷയത്തെ അധികരിച്ച് കൂടുതൽ ശാസ്ത്രീയവശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള ഒരു ലേഖനമാണിത്.

**പത്രാധിപർ)**

മനുഷ്യജീവിതമെന്നത് വിലപിടിപ്പുള്ള ഒരു രത്നമാണ് (അമൂല്യ രത്നം). പരമാവധി കാലം ജീവിച്ചിരിക്കാൻ കഴിഞ്ഞാൽ, അതായത് ദീർഘായുസ്സ് ഉണ്ടെങ്കിൽ പോലും നമുക്ക് - മനുഷ്യർക്ക് 36500 ഓളം സൂര്യോദയങ്ങൾ കാണാനുള്ള ഭാഗ്യംമാത്രമെ ഈ ഹ്രസ്വമായ ജീവിതകാലത്ത് നൽകപ്പെട്ടിട്ടുള്ളു. എന്നാൽ ദൈവം വരദാനമായി തന്ന ഈ ജീവിതത്തിലെ ഓരോ നിമിഷവും ഓരോ ശ്വാസവും ഏറ്റവും ഫലപ്രദമായി എങ്ങനെ വിനിയോഗിക്കാമെന്നത് ഭഗവാൻ നമ്മൾക്ക് വിട്ടുതന്നിരിക്കുന്നു (സൂര്യോദയത്തിനും അസ്തമയത്തിനും ഇടയിലുള്ള സമയം). നമുക്ക് നല്ല സുഹൃത്തുക്കളുണ്ടെങ്കിൽ നമ്മുടെ ജീവിതം അഭ്യുന്നതയിലേക്ക് നയിക്കപ്പെടും. അതേ അവസരത്തിൽ നമുക്ക് ചീത്തചങ്ങാതിമാർ ഉണ്ടെങ്കിൽ നമ്മുടെ ജീവിതം തകർച്ചയിൽ പതിക്കും. പിന്നെ വസ്തുസാമഗ്രികളുടെ രൂപത്തിൽ ചില 'കപട സുഹൃത്തുക്കൾ' ഉണ്ട്. പ്രാരംഭദശയിൽ അവ നമുക്ക് നല്ലതാണെന്ന് തോന്നും. അവ ഉപയോഗിക്കുവാനും അവയുമായി കൂട്ടുകൂടാനും നമുക്ക് ആവേശമുണ്ടാകും. പക്ഷെ ക്രമേണ അവ നമ്മുടെ ശത്രുക്കളായിതീരുമെന്ന് നമുക്ക് ബോദ്ധ്യമാകും. എന്നാൽ പലപ്പോഴും അത് വൈകിപ്പോയിരിക്കും. ഇത്തരം വസ്തുക്കൾക്ക് നമ്മുടെ മനസ്സിലും ശരീരത്തിലും കയറിക്കൂടി നമ്മുടെ ജീവിതം നശിപ്പിക്കുക എന്ന ഒരേ ഒരു ഉദ്ദേശം മാത്രമേ ഉള്ളു.

ഇവിടെ നമുക്ക് അത്തരത്തിലുള്ള 6 ശത്രുക്കളെ പരിചയപ്പെടാം. അവയാണ് മാംസഭക്ഷണം, മദ്യപാനം, മയക്കുമരുന്നിനോടുള്ള വിധേയത്വം, ചൂത്കളി, ലൈംഗിക അരാജകത്വം, കടബാദ്ധ്യത എന്നിവ.

## മാംസഭക്ഷണം

മാംസം (ഇറച്ചി) എന്നത് മാനവനെ സംബന്ധിച്ച് ഒരു സ്വാഭാവിക ആഹാരമല്ല തന്നെ. ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു. മാംസം എങ്ങിനെ നമുക്ക് ദോഷം ചെയ്യുന്നുവെന്ന് ഒന്ന് വിലയിരുത്താം. ഒരു പാത്രത്തിൽ അല്പം പഴങ്ങളും, ബിസ്ക്കറ്റും മറ്റൊരു പാത്രത്തിൽ ഇറച്ചിയും എടുത്ത് ഒരു കൊച്ചുകുഞ്ഞിന്റെ മുന്നിൽ വെയ്ക്കുക. സ്വാഭാവികമായും ശിശു ഇറച്ചിപാത്രത്തിന്റെ അരികിൽ നിന്ന് ഒരു വിമ്മിഷ്ടത്തോടെ അകന്ന് മാറുന്നതും അതേ സമയം പഴം അഥവാ മധുരപലഹാരം ആർത്തിയോടെ ചാടിപിടിക്കുന്നതും നമുക്ക് കാണാം. പഴങ്ങളും പച്ചക്കറികളുമാണ് മനുഷ്യന്റെ സ്വാഭാവിക ആഹാരമെന്നും മാംസഭക്ഷണം കൃത്രിമമാണെന്നും ഈ ഉദാഹരണം തെളിയിക്കുന്നു.

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരമൃതാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 2



**ഉ**ൽസവകാലത്ത് 8 ദിവസങ്ങളിലും ഒരേ പോലുള്ള സദ്യ. കാളൻ, ഓലൻ, എരിശ്ശേരി, മാമ്പഴകൂട്ടാൻ, സാംബാറ്, രസം, പപ്പടം, ചക്ക, കായ, ചേന മുതലായവ വറുത്ത ഉപദംശങ്ങൾ, നാരങ്ങ, പുളിയിഞ്ചി, വെളുത്ത കറി, മുതലായ അച്ചാറുകൾ, അടപ്രഥമൻ എന്നിങ്ങനെയുള്ള വിഭവസമൃദ്ധമായ സദ്യയാണ് രണ്ടു നേരവും. ആയിരങ്ങൾ തടിച്ചുകൂടി കൂത്താടി നടക്കുന്ന കാലം. ആനപ്പുറം, കലവറപണി, ശ്രമം (വിളമ്പൻ), ദേഹണ്ണം, പാചകം മുതലായവയിൽ നിന്ന് കാശ്കിട്ടും. എന്തൊരു സുഖമായിരുന്നു. യാതൊരല്ലലും കൂടാതെ തിന്നു കുടിച്ചുമദിച്ചുല്ലസിക്കുവാൻ, കർമ്മവിമുഖതാഗർത്തത്തിലേക്ക് വഴുതി വീണു സ്വയം നശിക്കാൻ ജനലക്ഷങ്ങൾക്ക് വഴിയൊരുക്കികൊടുക്കുന്ന ദുഷ്പ്രഭുത്വത്തിന്റെ (ഈഗോയിസത്തിന്റെ) കൃത്രിമ സ്വർഗ്ഗമായിരുന്നില്ലേ ഇല്ലം?

ഒരു മുപ്പത് മൈലിൽ കുറയാത്ത ചുറ്റളവുണ്ട് കരക്ക്. മനവകരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു അത്. സ്വർഗ്ഗത്തെവെല്ലുവിളിച്ച് തലയുയർത്തി നെഞ്ചുവിടർത്തി നിന്നിരുന്ന ഇല്ലം ഇന്ന് ക്ഷയം പിടിച്ച് കുറച്ച് കഫം തുപ്പി അവശനിലയിൽ കിടക്കുന്നു. എലി, പന്നി, പെരുച്ചാഴി, സർപ്പാദികളുടെ ആവാസകേന്ദ്രമായിരിക്കുകയാണിന്നിത്. 6 ലക്ഷം പറ നെല്ലു പിരിയാനുണ്ടായിരുന്നുവത്രെ ഈ മനക്കൽ. ഒരു ലക്ഷം നികുതിക്കും രണ്ടുലക്ഷം നിത്യഭക്ഷണ ചിലവിലേക്കും എടുത്തശേഷം ബാക്കിയുള്ള 3 ലക്ഷം കെട്ടിവെയ്ക്കാനുമാണ് ഉപയോഗിച്ചിരുന്നതത്രെ. എന്തൊരു പ്രതാപമായിരുന്നു അന്ന്? ഇങ്ങിനെ ഒരു ജന്മി കേരളത്തിലുണ്ടായിരുന്നില്ലെന്നു തന്നെ പറയാം.

അന്നത്തെ ഇളമേന്നിന്റെ ഷഷ്ടി പൂർത്തി ഇന്നു കഴിഞ്ഞപോലെ തോന്നുന്നുണ്ട്. ശ്രീ മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ ഹിംസാത്മകമായ സമരജീവിതത്തിന് പരിഹാരമായി ഏർപ്പെടുത്തിയ മുറ ജപോത്സവം തലകുനിക്കും മട്ടായിരുന്നു അത്. അസുഖം ബാധിച്ചവർക്ക് ചികിൽസാ സൗകര്യമേർപ്പെടുത്തി. അലോപ്പതി, ആയുർവ്വേദം, ഹോമിയോ, സിദ്ധാദി ഭിഷക്ശിരോമണിമാരുടെ സേവനം സദാ ലഭ്യമാണ്. മാലിന്യങ്ങൾ നീക്കി ഫിനോയിൽ ഒഴിച്ച് പരിസരശുദ്ധീകരണത്തിന് നഗരസഭാസമാനം വിപുലമായ ഏർപ്പാടുണ്ട്. എല്ലാ കൊണ്ടും ഒരു രാജ്യത്തിന്റെ പദ്ധതിയെന്നേ തോന്നൂ.

ഉൽസവകാലത്താണ് ഇളേ തമ്പുരാന്റെ പിറന്നാൾ. അക്കൊല്ലം ഉൽസവത്തിന് വന്നവർക്ക് കണക്കില്ല. ആ അഞ്ചെട്ടുദിവസങ്ങളിൽ നടന്ന കഥയോർത്താൽ ഞെട്ടിപോകും. വിവരണാതീതമായിരുന്നു.

*(തുടരും)*

**ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)**
**അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും**





(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി




***ചോദ്യം 30: ജീവാത്മാവിന്റെ മരണത്തേപറ്റി ഈശ്വരന് അറിവുണ്ടോ?***

***ഉത്തരം:*** എപ്രകാരമാണോ പരമാത്മാവും പ്രകൃതിയും അനാദിയായിരുക്കുന്നത് അപ്രകാരം ആത്മാവും അനാദിയും അമരനും അനന്തനുമാണെന്ന് ഈശ്വരന് അറിയാവുന്നതുകൊണ്ട് ഈ സംശയം നിരാധാരമാണ്.

***ചോദ്യം 31: മനുഷ്യൻ മുതലായ ജീവികളുടെ മൃത്യു എപ്പോൾ, എവിടെ, എങ്ങിനെ സംഭവിക്കും എന്നത് ഈശ്വരൻ തീർച്ചയായും അറിയാമായിരിക്കും?***

***ഉത്തരം:*** വീണ്ടും അതേ ചോദ്യം തന്നെ. മനുഷ്യൻ മുതലായ ജീവികൾക്കെല്ലാം മൃത്യു എന്നത് തീർച്ചയായും സംഭവിക്കുന്നതാണ്. ഏതൊരുവസ്തുവാണോ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അതിന് അന്ത്യവും അനിവാര്യമാണ്. മനുഷ്യൻ ജനിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും മരണവുമുണ്ടാകും എന്നതിന് രണ്ടഭിപ്രായമില്ല. ചിലർ നേരത്തേമരിക്കുന്നു. ചിലർ കുറച്ചുകഴിഞ്ഞും മരിക്കുന്നു. മരണം എല്ലാവർക്കും സുനിശ്ചിതമാണ്.

എന്നാൽ ഈ മൃത്യു എപ്പോൾ എവിടെ സംഭവിക്കും എന്നത് ആർക്കും ഈശ്വരനുപോലും അറിയില്ല. കാരണം ഈശ്വരന് മൃത്യുവിനെകുറിച്ചുള്ള സമയവും സ്ഥലവും അറിയുമെങ്കിൽ തീർച്ചയായും മനുഷ്യനോ മറ്റു ജീവികളോ ആ കൃത്യസമയത്ത് കൃത്യസ്ഥലത്ത് എത്തിചേരണം. ഇതുവഴി അവർ പരതന്ത്രരായി തീരുന്നു. എന്നാൽ ജീവാത്മാക്കൾ സ്വതന്ത്രരാണ്. അതിൽ ഈശ്വരൻ ഒരിക്കലും ഇടപെടില്ല. സ്വതന്ത്രമായ ജീവാത്മാക്കൾ മരിക്കുമ്പോൾ മാത്രമേ സദാ ഒരു സാക്ഷിയായ ജീവാത്മാവിന്റെ ഉള്ളിൽ വസിക്കുന്ന ഈശ്വരൻ അതിനെപറ്റി അറിയുന്നുള്ളു.

ഈശ്വരൻ സർവ്വജ്ഞനാണ്. 'അന്തർദേവോ വിദഥാ മർത്യേഷു' (ഋഗ്വേദം 6.11.2) ആ ഈശ്വരൻ എല്ലാവരുടെയും ഹൃദയത്തിൽ വസിക്കുന്നു. ജീവാത്മാക്കളുടെ എല്ലാ കർമ്മങ്ങളേയും വീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ജീവാത്മാവിന് എന്തുചെയ്യാൻ സാധിക്കും. ഏതുകാര്യം ചെയ്യുന്നതിലാണ് കൂടുതൽ സമർത്ഥൻ, എവിടംവരെ എത്തിച്ചേരാൻ സാധിക്കും. എന്തെല്ലാം ചെയ്യാൻ സാധിക്കില്ല. തുടങ്ങിയ കാര്യങ്ങളെല്ലാം ഈശ്വരന് അറിയാം. ജീവാത്മാവിന്റെ പൂർവ്വസംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ ഈശ്വരൻ തന്റെ സർവ്വജ്ഞതകൊണ്ട് എല്ലാം മനസ്സിലാക്കുന്നു. എന്നാൽ ജീവാത്മാവ് സ്വതന്ത്രമായതുകൊണ്ട് പുതിയ കാര്യങ്ങൾ ചെയ്യാത്തിടത്തോളം ഈശ്വരനും അതിനെ പറ്റി അറിയുന്നില്ല.

*(തുടരും)*

**ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)**
**മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല**

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*

## അഞ്ചാം പ്രഭാഷണം (വേദവിഷയം)




**ച**ന്ദ്രൻ, സൂര്യൻ തുടങ്ങിയവരുടെ പൂജാവിധി വേദങ്ങളിലൂണ്ടെന്ന് ചിലർ പറയുന്നു. എന്നാലിത് തികച്ചും തെറ്റാണ്.

(ശുക്ല യജുർവ്വേദം)

തദേവാഗ്നിസ്തദാദിത്യസ്തദ് വായുസ്തദുചന്ദ്രമാഃ।
തദേവ ശുക്രം തത് ബ്രഹ്മ താ ആപഃ സ പ്രജാപതിഃ॥

(യജുർവ്വേദം 32.1)

അതേപോലെ

ഇന്ദ്രം മിത്രം വരുണമഗ്നി മാഹുരഥോ ദിവ്യഃ സ സുപർണ്ണോ ഗരുത്മാൻ॥
ഏകം സദ്വിപ്രാ ബഹുധാവദന്തി (അഗ്നിം യമം മാതരിശ്വാന മാഹുഃ)॥

(ഋഗ്വേദം 1.164.46)

അഗ്നി, ഇന്ദ്രൻ , വായു എന്നിവയെല്ലാം പരമേശ്വരന്റെ തന്നെ നാമങ്ങളാണ്. അതിനാൽ അനേകദേവതാ വാദം തികച്ചും അസംഭവമാണ്.

പ്രശാസിതാരം സർവ്വേഷാമണീയാം സമണോരപി।
രുക്മാഭം സ്വപ്നധിഗമ്യം വിദ്യാത് തം പുരുഷം പരമ്॥
ഏതമഗ്നിം വദന്ത്യേകേ മനുമന്യേ പ്രജാപതിമ്।
ഇന്ദ്രമേകേƒ പരെ പ്രാണമപരെ ബ്രഹ്മ ശാശ്വതമ്॥

(മനുസ്മൃതി 12.122.123)

പരിഛേദം, പ്രകാരം, വികാരം എന്നിവയുമായി ബന്ധപ്പെട്ട് ആത്മാക്കൾക്ക് ഭിന്നങ്ങളായ നാമങ്ങളുണ്ടാവാം.

അശ്ലീലമുൾക്കൊണ്ട കഥകൾ വേദങ്ങളിലുണ്ടെന്ന് ചിലർ പറയുന്നു. 'മാതാ ച തേ പിതാ ച തേ' (യജുർവ്വേദം 23,24) എന്ന മന്ത്രത്തിന് മഹീധരനെഴുതിയ ഭാഷ്യം വൻ അശ്ലീലമാണ് 'ഗദേ' എന്നതിന്റെ സ്ഥാനത്ത് വർണ്ണവിപര്യയം വരുത്തി 'ഭഗേ' എന്ന ശബ്ദം പറഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ ശതപഥ ബ്രാഹ്മണം നോക്കൂ:-

**വൃക്ഷ വൃക്ഷോ രാജ്യം ഭഗശ്രീഃ സ്പസോ രാഷ്ട്രം ശ്രീർവ്വാ വൃക്ഷസ്യാഗ്രമ്।**

(ശതപഥബ്രാഹ്മണം 13.2.9.7)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*





രാഷ്ട്രത്തിന്റെ സ്ഥാനത്ത് ഈ വചനം ചേർക്കുന്നതുമൂലം വരുന്ന അനർത്ഥം നോക്കൂ!

ഇത്തരത്തിൽ പുരാണങ്ങളിൽ കശ്യപീയ പ്രജകളുടെ വിവരണമുണ്ട്. ദക്ഷന്റെ 60 കന്യകമാരിൽ 13 പേരെ കശ്യപന് വിവാഹം ചെയ്തുകൊടുത്തു. ഈ കഥകൾക്ക് വേദങ്ങളുടെ യാതൊരു പ്രാമാണ്യവുമില്ല കശ്യപൻ അർത്ഥാത് ആദ്യാന്തവിപര്യയത്താൽ 'പശ്യകൻ' എന്നാണ്. പരമാത്മാവിന്റെ നാമമാണിത്.

**പശ്യകഃ സർവ്വദൃക് പരമാത്മാ ഗൃഹീതഃ।**

(കശ്യപഃ പശ്യകോ ഭവതി യത് പരിപശ്യതി സൗക്ഷ്യാത് തൈത്തീരിയ ആരണ്യകം 1.8)

ഇപ്രകാരം പലരും കഥകൾ ചമച്ച് 'ബ്രഹ്മോവാച' എന്നെഴുതിപിടിപ്പിച്ച പല പുരാണങ്ങളും കള്ളമാണ്. ആധുനിക സമ്പ്രദായക്കാരായ പലരും ഈ ദുഷ്പ്രവൃത്തി ചെയ്തിട്ടുണ്ട്.

**ബ്രഹ്മോവാച**

**ടക ധർമ്മഷ്ടകാ മർമ്മ ടകാ ഹി പരമമ് പദമ്| യസ്യ ഗൃഹേ ടകാ നാസ്തി ഹാ ടകാ ടകടാകായതെ||**

(അർത്ഥം: ടക = പണമാണ് ധർമ്മവും കർമ്മവും. അതാണ് അത്യുന്നതമായതും. ഏതൊരുവന്റെ ഗൃഹത്തിൽ പണമില്ലയോ ആ പാവത്തിന്റെ കണ്ണുകൾ എപ്പോഴും തുറന്നേ ഇരിക്കൂ.
- പരിഭാഷകൻ)

***(തുടരും)***

**ദയാനന്ദ സന്ദേശം വൈദിക മാസിക**




*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

**DAYANANDA SANDESAM**
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*


(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർ ദളം – ബാലപംക്തി

ആര്യവീരഗാഥ – 1

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്



## ബിംബങ്ങളെ ഗംഗയിൽ ഒഴുക്കി

**ഫാ**റൂഖാബാദിൽ സ്വാമിജിയുടെ നിരവധി പ്രഭാഷണങ്ങൾ നടന്നു. അദ്ദേഹത്തിന്റെ വേദശാസ്ത്രപ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള വാഗ്ധോരണിയിൽ ജനങ്ങൾ വളരെ ആകർഷിക്കപ്പെട്ടു. പല പൂജാരിമാരും തങ്ങളുടെ കൈവശമുള്ള വിവിധ മൂർത്തിരൂപങ്ങൾ ഗംഗയിലേക്ക് എന്നന്നേക്കുമായി ഒഴുക്കിവിട്ടു.

## സ്വാമിജിക്കുനേരെ വീണ്ടും അതിക്രമം

വിഗ്രഹാരാധനയെ ശാസ്ത്രയുക്തം സ്ഥാപിക്കുന്നതിനായി കാശിയിലെ ഏതാനും പണ്ഡിതരെ കാശുകൊടുത്ത് വരുത്താൻ ഫറൂഖാബാദിലെ ഒരു സേഠ് പദ്ധതി തയ്യാറാക്കി. ആയിരകണക്കിന് ആൾക്കാരെ പ്രകോപനം ഉണ്ടാക്കുന്നതിനായി കൊണ്ടുവരികയും ചെയ്തു. കാശിയിലെ പണ്ഡിതന്മാർ വൻജനാവലിയുമായി സ്വാമി ദയാനന്ദനെ നേരിടാനെത്തി. ധനത്തിന്റെയും കയ്യൂക്കിന്റേയും ബലത്തിൽ ശാസ്ത്രത്തിന്റെ കഴുത്തറുക്കാമെന്നിരിക്കെ കേവലം സത്യപരായണനും ഈശ്വരഭക്തനുമായ സന്യാസിയുടെ വാക്ക് ആര് കേൾക്കും? എന്നാൽ സ്വാമി ഇതിലൊന്നും കുലുങ്ങുന്നവനായിരുന്നില്ല. അത്തരം സ്ഥലങ്ങളിൽ സ്വാമിജിയുടെ രക്ഷ ഈശ്വരൻ പലപ്രകാരത്തിൽ ചെയ്തിരുന്നു. എന്നാൽ സ്വാമിജിയേ സംബന്ധിച്ചിടത്തോളം തന്റെ ശരീര രക്ഷയേക്കാളും സത്യസിദ്ധാന്തങ്ങളുടെ സംരക്ഷണമായിരുന്നു കൂടുതൽ പ്രധാനം.

## റാവുകർണ്ണസിംഹന്റെ അഹങ്കാരശമനം

ഈ വിഷയത്തിൽ കർണ്ണാവാസിലെ ഠാക്കൂർ കർണ്ണസിംഹന്റെ ആക്രമണവും അയാളുടെ അഹങ്കാരശമനവും പ്രത്യേകം എടുത്തുപറയേണ്ടതാണ്. ജ്യേഷ്ഠസംവത്സരം 1925 ൽ ആണിത് നടന്നത്. ഗംഗാ മഹാത്മ്യത്തെ സംബന്ധിച്ച് സ്വാമിജിയുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരവസരത്തിൽ ഉത്തരംമുട്ടിപ്പോയ റാവുകർണ്ണസിംഹൻ ഉറയിൽ നിന്നും തന്റെ വാൾ വലിച്ചൂരി സ്വാമിജിക്കുനേരെ തിരിഞ്ഞു. സ്വാമിജി അയാളെ സമാധാനിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അയാളതിനു വഴങ്ങാതെ സ്വാമിജിയെ ആക്രമിക്കാൻ മുതിർന്നു. സ്വാമിജി അനായാസം അയാളുടെ വാൾ പിടിച്ചുവാങ്ങി രണ്ടാക്കി ഒടിച്ച് വലിച്ചെറിഞ്ഞു. കർണ്ണസിംഹൻ ഇതു കണ്ട് ലജ്ജിതനായി.

*(തുടരും)*


***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ഉപദേശക മഹാവിദ്യാലയം ഉദ്ഘാടനം ചെയ്തു



വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ തിരുവില്വാമലയിൽ പ്രവർത്തിക്കുന്ന പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക മഹാവിദ്യാലയത്തിന്റെ ഉദ്ഘാടനം ശങ്കരാചാര്യ ജയന്തി ദിനമായ ഏപ്രിൽ 23 ന് യജ്ഞം, ധ്വജാരോഹണം, വേദപ്രാർത്ഥനതുടങ്ങിയ വിവിധ പരിപാടികളോടെ നടന്നു. മഹാത്മാ ആനന്ദമുനി ഉദ്ഘാടനഭാഷണം നടത്തി. വൈദികധർമ്മത്തിന്റെ പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കികൊണ്ട് പ്രഭാഷണം നടത്തിയ ഉദ്ഘാടകൻ കേരളത്തിൽ ഇത്തരത്തിൽ ഒരു മഹാവിദ്യാലയത്തിന് ആരംഭം കുറിച്ചത് സർവ്വഥാ ഉചിതമായെന്ന് അഭിപ്രായപ്പെട്ടു. വേദങ്ങൾ എന്നോ കഴിഞ്ഞുപോയ ഭൂതകാലത്തെ ചരിത്രപരമായ പ്രാധാന്യം മാത്രമുള്ള ഗ്രന്ഥങ്ങളോ പുരാവസ്തുക്കളോ അല്ലാ എന്നും അവ ഇന്നും ജീവിക്കുന്ന സനാതനസംസ്കൃതിയുടെ സ്രോതസ്സുകളാണെന്നും ഉദ്ഘാടനയോഗത്തിൽ അദ്ധ്യക്ഷത വഹിച്ച പ്രശസ്ത പണ്ഡിതനും ആദ്ധ്യാത്മികാചാര്യനുമായ ഡോ. പി. കെ. മാധവൻ അഭിപ്രായപ്പെട്ടു. ധർമ്മമാണ് ലോകത്തെ നിലനിർത്തുന്നത്. ധർമ്മത്തിന്റെ അടിത്തറ വേദങ്ങളാണ്. ഭാരതത്തിലെ ലൗകികങ്ങളും ആദ്ധ്യാത്മികങ്ങളുമായ എല്ലാ അറിവുകളുടേയും ആരംഭം വേദങ്ങളിൽ നിന്നാണ്. ജ്ഞാനവിജ്ഞാനരംഗങ്ങളിലെ എല്ലാ വികാസവും അനാദിയായ വേദത്തെ ആസ്പദമാക്കിയാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് വേദപഠനത്തിനും പ്രചാരണത്തിനും പ്രത്യേക പ്രാധാന്യം നൽകുവാൻ കേരളീയ സമൂഹം തയ്യാറാവേണ്ടതാണെന്നും അദ്ദേഹം തുടർന്നും അഭിപ്രായപ്പെട്ടു.

ആചാര്യ വാമദേവ ആര്യ അനുഗ്രഹ പ്രഭാഷണം നടത്തി. വെള്ളിനേഴി പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുലത്തിലെ ആചാര്യ ഹീരാപ്രസാദ് ശാസ്ത്രി, ഹരിയാനയിലെ ഹിസ്സാറിൽ നിന്നെത്തിയ മുനി ഹരിറാം, ഈശ്വർ സിങ് ആര്യ, സുഭാഷ് ആര്യ, ശ്രീമതി. വിഷ്ണുദേവ് ആര്യ, ശ്രീമതി. രാജബാല ആര്യ എന്നിവരും സംസാരിച്ചു. കെ. എം. രാജൻ സ്വാഗതവും വി.ഗോവിന്ദദാസ് നന്ദിയും രേഖപ്പെടുത്തി.

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***